LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Thursday, the 21st November 1963.

The Assembly met in the Assembly Chamber, Trivandrum at Eight of the clock on Thursday, the 21st November 1963, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

SHORT NOTICE QUESTIONS AND ANSWERS

കമ്പൗണ്ടിംഗ് പരീക്ഷ

* 897. [40] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ കമ്പൗണ്ടിംഗ് പരീക്ഷ ഇപ്പോഴും നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ വർഷത്തിൽ എത്ര പ്രാവശ്യം ;

(സി) കമ്പൗണ്ടിംഗ് കോഴ്സിന്റെ കാലക്രിയ എത്രയാണ് ;

(ഡി) എവിടെയെല്ലാം ഈ കോഴ്സ് നടത്തുന്നുണ്ട് ;

(ഇ) 1962-ൽ മേൽപ്പറഞ്ഞ പരീക്ഷയിൽ തോറ്റവർ, പ്രത്യേകിച്ചും കോഴിക്കോട്ട് ജില്ലയിൽനിന്ന പരാജയപ്പെട്ട വിദ്യാർത്ഥികൾ, അടുത്തതവണ പരീക്ഷക്കിരിക്കുവാൻ അപേക്ഷിച്ചിട്ടും അവരെ പരീക്ഷക്കിരിക്കാൻ അനുവദിക്കാതിരുന്നതു് എന്തുകൊണ്ടാണ് ;

(എഫ്) ഇനിയെങ്കിലും പരീക്ഷക്കിരിക്കുവാൻ അവർക്ക് അവസരം നൽകുമോ ?

2/750/V

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) എത്ര പ്രാവശ്യമെന്ന കൃത്യമായി നിശ്ചയിച്ചിട്ടില്ല. സാധാരണഗതിയിൽ രണ്ടു പരീക്ഷവരെ നടത്താറുണ്ട്,

(സി) ഒരു വർഷം.

(ഡി) ഡിസ്ട്രിക്റ്റ് ഹാസ്പിറ്റൽ, തിരുവനന്തപുരം; ജനറൽ ഹാസ്പിറ്റൽ, എറണാകുളം; ഡിസ്ട്രിക്റ്റ് ഹാസ്പിറ്റൽ, പാലക്കാട്; മെഡിക്കൽകോളേജ് ഹാസ്പിറ്റൽ, കോഴിക്കോട് എന്നിവിടങ്ങളിൽ ഈ കോഴ്സ് നടത്തുന്നുണ്ട്.

(ഈ) തോറ്റ വിദ്യാർത്ഥികൾ അടുത്ത പരീക്ഷയ്ക്ക് എഴുതുന്നതിനുമുമ്പു മൂന്നു മാസത്തെ ടെയിനിംഗ് കൂടി കഴിഞ്ഞിരിക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. ഈ കാലത്തു് അവരിൽനിന്നും എക്സാമിനേഷൻ ഫീസല്ലാതെ മറ്റൊരു ഫീസും വസൂൽ ചെയ്യുന്നില്ല. എന്നാൽ സർക്കാരിൽ പ്രത്യേക സാമ്പത്തിക ബാദ്ധ്യതകളും ഒന്നും ഉണ്ടാകാതിരിക്കുന്നതിനായി തോറ്റ വിദ്യാർത്ഥികൾക്ക് അടുത്ത റഗുലർ ബാച്ചിലുള്ള വിദ്യാർത്ഥികളോടൊന്നിച്ച് മൂന്നു മാസത്തെ ടെയിനിംഗ് കൊടുക്കുകയാണു പതിവു്. ഇത്തവണ റഗുലർ കോഴ്സിനുള്ള ടെയിനികളെ ഇപ്പോൾ മാത്രമേ തിരഞ്ഞെടുത്തു കഴിഞ്ഞിട്ടുള്ളൂ അതുകൊണ്ടു് മാത്രമാണു് തോറ്റ വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുവാൻ താമസം ഉണ്ടായതു്.

(എഫ്) പരീക്ഷയ്ക്കു മുമ്പു നടക്കേണ്ടതായ മൂന്നു മാസത്തെ ടെയിനിംഗിനു് 18-11-1963-ൽ തോറ്റ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടു്. അടുത്ത വർഷം ഫെബ്രുവരി രണ്ടാം വാരത്തിൽ ഇവർക്കു വീണ്ടും പരീക്ഷ നടത്തുന്നതാണു്.

ശ്രീ. സി. എം. കുട്ടി : പരീക്ഷ പാസ്സായിട്ടുള്ള കുട്ടികൾക്കു് എത്ര കാലത്തെ നിർബന്ധിത പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. എം പി. ഗോവിന്ദൻ നായർ : ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല. എങ്കിലും ആറുമാസമാണെന്നാണു് എന്റെ ഓർമ്മ.

കമ്മാള വിദ്യാർത്ഥികൾക്കു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള ആനുകൂല്യം.

* 898. [43] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മാളസമുദായത്തിൽപ്പെടുന്നവർ പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ ആ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നുമുള്ള യാതൊരു ആനുകൂല്യത്തിനും അർഹതയില്ല എന്നു കാണിച്ചു് കൊല്ലം ഡിസ്ട്രിക്റ്റ് ഹരിജൻ വെൽഫെയർ ആഫീസർ കൊല്ലം എസ്. എൻ. കോളേജു് പ്രിൻസിപ്പാളിനു് എഴുതിയതിന്റെ ഫലമായി ആ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന കമ്മാളവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് കൊടുക്കണമെന്നു് കോളേജു് അധികാരികൾ ആവശ്യപ്പെടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഫീസുകൊടുക്കാതെ നിവൃത്തിയില്ലാത്ത ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹാജർ ഈ മാസം 1-ാംനു- മുതൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly